**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ. 4288** — **19.10.2011-ൽ മറുപടിയ്ക്ക്**

## തൊഴിലുറപ്പ് പദ്ധതി കൊണ്ട് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. തൊഴിലുറപ്പ് പദ്ധതികളിൽ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് രാഷ്ട്രീയ പരിഗണന ഉണ്ടാകുന്നു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ എന്നു പറയാമോ ; ഇത്തരം സന്ദർഭങ്ങളിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത് ; | എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് രാഷ്ട്രീയ പരിഗണന ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ദ്ധ കായികാധ്വാനത്തിന് തയ്യാറുള്ള രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസം തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നൽകുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ നിയമപരമായ ബാദ്ധ്യതയാണ്. |
| ബി. തൊഴിലുറപ്പ് പദ്ധതി പ്രകാരം കാർഷിക മേഖലയിൽ എന്തെല്ലാം ജോലികളാണ് തൊഴിലാളികളെക്കൊണ്ട് ചെയ്യിക്കുന്നത് എന്നു പറയുമോ ; പ്രസ്തുത ജോലികൾ കൊണ്ട് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ ? | ബി. കാർഷിക മേഖലയുടെ സംരക്ഷണത്തിനും നിലനിൽപ്പിനും വികസനത്തിനുമായി താഴെപ്പറയുന്ന പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾ പണിയെടുക്കുന്നു.<br>ജലസംരക്ഷണവും ജലകൊയ്ത്തും, ജലസേചനവും, തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികളും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂപരിഷ്കരണ നിയമത്തിന്റെ ഗുണഭോക്താക്കൾ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾ ചെറുകിട/ നാമമാത്ര കർഷകർ എന്നീ വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയിൽ ജലസേചന സൗകര്യം, തോട്ടവിള കൃഷി, ഭൂവികസനം, ഹോർട്ടികൾച്ചർ, കുളങ്ങൾ വൃത്തിയാക്കുന്നതുൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണവും മറ്റ് സംരക്ഷണ പ്രവർത്തനങ്ങൾ.<br>പ്രസ്തുത ജോലികൾ കൊണ്ട് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ